# നെടുമ്പാശേരി വിമാനത്താവളം നാളെ തുറക്കും

**കൊച്ചി**

നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളം ബുധനാഴ്ച തുറക്കും. അന്താരാഷ്ട്ര, ആഭ്യന്തര സർവീസുകൾ പകൽ രണ്ടുമുതൽ ആരംഭിക്കും. വിമാനത്താവളം പ്രവർത്തനസജ്ജമായെന്ന് വിമാന കമ്പനികളെ അറിയിച്ചിട്ടുണ്ടെന്ന് സിയാൽ അധികൃതർ പറഞ്ഞു. ടിക്കറ്റുകൾ ബുക്കിങ് സജ്ജീകരണങ്ങളുമായി. റൺവേയിലുൾപ്പെടെ വെള്ളം കയറിയതോടെ 15നാണ് വിമാനത്താവളം അടച്ചത്. നെടുമ്പാശേരി അടച്ചതിനെത്തുടർന്ന് കൊച്ചി നാവികസേന വിമാനത്താവളത്തിൽനിന്ന് ആരംഭിച്ച യാത്രാവിമാന സർവീസുകൾ ബുധനാഴ്ച അവസാനിപ്പിക്കും. ചെറുയാത്രാ വിമാനങ്ങളാണ് ഇവിടെനിന്ന് ആഭ്യന്തര സർവീസ് നടത്തിയിരുന്നത്.

**Desabhimani**

**28 August 2018**

**Kochi; Airport Reopens On Monday**